IT Section

**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2977

11-12-2014- ൽ മറുപടി നൽകേണ്ടിയിരുന്നത്.

## സേവനാവകാശ നിയമം

ചോദ്യം

ശ്രീ.സണ്ണിജോസഫ് :
" അൻവർ സാദത്ത് :
" ഹൈബി ഈഡൻ :
" സി.പി.മുഹമ്മദ് :

ഉത്തരം

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) വിദ്യാഭ്യാസ വകുപ്പിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, പ്രവേശന പരീക്ഷ കമ്മീഷണറുടെ കാര്യാലയം എന്നീ വകുപ്പുകളിലും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, പൊതു പരീക്ഷാ പ്രവേശന കമ്മീഷണറുടെ കാര്യാലയം, ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം എന്നിവിടങ്ങളിലും സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) സേവനാവകാശ നിയമം വഴി എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നത്; വിശദമാക്കുമോ; | ബി) സേവനാവകാശ നിയമം വഴി ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം/ അതത് കാര്യാലയങ്ങൾ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | |
|---|---|
| സി) പ്രസ്തുത നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ; | സി) & ഡി)<br>സേവനാവകാശ നിയമം (2012 ) - ലെ ആക്ട് 3 വകുപ്പ് പ്രകാരം സേവനങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷയുടെ മാതൃക അതത് സ്ഥാപനങ്ങളുടെ വെബ്സൈറ്റിൽ നൽകേണ്ടതാണെന്നും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളെപ്പറ്റിയുള്ള വിവരവും, പ്രസ്തുത ചട്ടങ്ങളുടെ അനുബന്ധമായ ഫാറങ്ങളും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണെന്നും ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (എആർ12) വകുപ്പിന്റെ 08-04-2014 -ലെ 16203/എആർ.12(1)/2013/ഉ.ഭ.പ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളുടേയും നോട്ടീസ് ബോർഡിൽ സേവനാവകാശ ആക്ടിന്റെ പരിധിയിൽ വരുന്ന സേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നും രണ്ടും അപ്പീൽ അധികാരികൾ എന്നിവയും, ഓരോ സേവനവും ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളെപ്പറ്റിയുള്ള വിവരവും, പ്രസ്തുത ചട്ടങ്ങളുടെ അനുബന്ധമായ ഫാറങ്ങളും എഴുതി പ്രദർശിപ്പിക്കേണ്ടതാണെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| ഡി) ഇതിനെക്കുറിച്ച് വ്യാപകമായ പ്രചരണം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | |

സെക്ഷൻ ഓഫീസർ